**1.** പറയുക: പുലരിയുടെ രക്ഷിതാവിനോട് ഞാൻ അഭയം തേടുന്നു.

**2.** അവൻ സൃഷ്ടിച്ചവയുടെ തിന്മയിൽനിന്നും.

**3.** രാത്രി ഇരുൾ മൂടുമ്പോൾ അതിന്റെ തിന്മയിൽനിന്നും

**4.** കെട്ടുകളിൽ ഊതുന്ന വരുടെ തിന്മയിൽ നിന്നും

**5.** അസൂയാലു അസൂയ പ്പെടുമ്പോൾ അവന്റെ തിന്മയിൽനിന്നും

| ********** سورة الفلق : بسم الله الرحمٰن الرحيم***** ******** | | | | |
|---|---|---|---|---|
| قُلْ | أَعُوذُ | برب | الْفَلَقِ (1) | من شر |
| പറയുക | ഞാൻ അഭയം തേടുന്നു | രക്ഷിതാവിനോട് | പുലരിയുടെ | തിന്മയിൽനിന്ന് |
| ما | خلق (2) | ومن شر | غَاسِقٍ | |
| ഒന്നിന്റെ | അവൻ സൃഷ്ടിച്ച | തിന്മ യിൽനിന്നും | രാവിന്റെ | |
| إِذَا وقَب (3) | ومن شر | النفاثات | في الْعُقَدِ (4) | |
| അത് ഇരുൾ മൂടുമ്പോൾ | തിന്മയിൽനിന്ന് | ഊതുന്നവരുടെ | കെട്ടുകളിൽ | |
| ومن شر | حاسد | إِذَا حسد (5) | | |
| തിന്മയിൽനിന്ന് | അസൂയാലുവിന്റെ | അവൻ അസൂയപ്പെടുമ്പോൾ | | |

## വ്യാകരണം: ( യൂണിറ്റ് 8-ൽ പഠിച്ചത് പുന:പരിശോധന നടത്തുക:)

പുരുഷൻ ( *1st*-ഉത്തമ പുരുഷൻ, *2nd*-മദ്ധ്യമ പുരുഷൻ, *3rd*-പ്രഥമ പുരുഷൻ), ലിംഗം (പുല്ലിംഗം, സ്ത്രീലിംഗം), വചനം (ഏകവചനം, ബഹുവചനം) എന്നിവയുടെ അടിസ്ഥാനത്തിൽ ഭൂതകാലത്തിലെ അവസാനത്തെ പദത്തിൽ മാറ്റം വരുന്നു. ഈ മാറ്റത്താൽ പ്രസ്തുത ക്രിയ (ഭൂതകാലം) പുരുഷൻ (*1st* ഉത്തമ പുരുഷൻ, *2nd* മദ്ധ്യമ പുരുഷൻ, *3rd* പ്രഥമ പുരുഷൻ), ലിംഗം (പുല്ലിംഗം, സ്ത്രീലിംഗം), വചനം (ഏകവചനം, ബഹുവചനം) ആണോ എന്നറിയാൻ കഴിയും. ഇക്കാര്യം ഓർക്കുന്നതിന് ഒരു ഉദാഹരണം ശ്രദ്ധിക്കുക- നിങ്ങൾ ഒരു റോഡിന്റെ സമീപം നിൽക്കുകയാണെങ്കിൽ, റോഡിലൂടെ കടന്നുപോകുന്ന കാറിന്റേയും, ജീപ്പിന്റെയും, ട്രക്കുകളുടെയും പുറകുവശം കാണാൻ സാധിക്കും. ആ വാഹനങ്ങളുടെ പുറകുവശം കാണുമ്പോൾ ഏതു വാഹനമാണ് കടന്നുപോയതെന്ന് പറയാൻ കഴിയും. അതുപോലെ ഭൂതകാല ക്രിയയുടെ അവസാന ഭാഗം ഓർക്കുക – :

(َ-ُ وا، ت، تُم، تُ، نا) .

| പുരുഷൻ | فعل ماضي ഭൂതകാലം | |
|---|---|---|
| *3rd* | فَعَلَ അവൻ പ്രവർത്തിച്ചു | |
| | فَعَلُوا അവർ പ്രവർത്തിച്ചു | |
| *2nd* | فَعَلْتَ നീ പ്രവർത്തിച്ചു | |
| | فَعَلْتُم നിങ്ങൾ പ്രവർത്തിച്ചു | |
| *1st* | فَعَلْتُ ഞാൻ പ്രവർത്തിച്ചു | |
| | فَعَلْنَا ഞങ്ങൾ പ്രവർത്തിച്ചു | |

## പഠനക്കുറിപ്പുകൾ: